# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 11**

---

## കരാർ ഫാക്കൽറ്റി നിയമനം; വാക്ക്-ഇൻ ഇൻറർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ സ്കൂൾ സെൻററുകളായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻറഗ്രേറ്റഡ് പ്രോഗ്രാംസ് ആൻറ് റിസർച്ച് ഇൻ ബേസിക് സയൻസസ്(ഐ.ഐ.ആർ.ബി.എസ്), ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടിഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസ് (ഐ.എം.പി.എസ്.എസ്) എന്നിവിടങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ഫാക്കൽറ്റി നിയമനത്തിനുള്ള വാക്ക്-ഇൻ ഇൻറർവ്യൂ സെപ്റ്റംബർ 18ന് രാവിലെ 10.30 മുതൽ വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും.

2023-2024 അക്കാദമിക വർഷത്തേക്ക് കരാർ വ്യവസ്ഥയിലാണ് നിയമനം. വർഷാന്ത്യ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ സേവനം രണ്ടു വർഷം ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്.

ബയോളജി(2), മാത്തമാറ്റിക്സ്(1), കമ്പ്യൂട്ടർ സയൻസ്(1), ഇക്കണോമിക്സ്(1), മലയാളം(1) എന്നീ വിഷയങ്ങളിൽ വിവിധ സംവരണ സീറ്റുകളിലേക്കാണ് നിയമനം.

യു.ജി.സി ചട്ടങ്ങൾപ്രകാരം യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്. ജെ.ആർ.എഫ്/പി.എച്ച്.ഡി, പേപ്പർ പബ്ലിക്കേഷൻ, പ്രസൻറേഷൻ, അധ്യാപന പരിചയം എന്നിവ അഭികാമ്യം. യു.ജി.സി യോഗ്യതയുള്ളവരുടെ അഭാവത്തിൽ 55 ശതമാനം(എസ്.സി, എസ്.ടി വിഭാഗക്കാർക്ക് 50ശതമാനം) മാർക്കോടെ ബിരുദാനന്തര ബിരുദമുള്ളവരെയും പരിഗണിക്കും.

പ്രായപരിധി 2023 ജനുവരി ഒന്നിന് 50 വയസ്സ് കവിയരുത്. കോളജുകളിൽ നിന്നും സർവകലാശാലകളിൽ നിന്നും വിരമിച്ച ജനുവരി ഒന്നിന് 70 വയസിൽ കവിയാത്തവരെയും പരിഗണിക്കും.

യു.ജി.സി യോഗ്യതയുള്ളവർക്ക് പ്രതിദിനം 1750 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 43750 രൂപയാണ് പ്രതിഫലം. മറ്റുള്ളവർക്ക് പ്രതിദിനം 1600 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 40000 രൂപയു ലഭിക്കും.

അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ജാതി, അധിക യോഗ്യത എന്നിവയുടെ രേഖകളുടെ അസ്സലും പകർപ്പുകളും സഹിതം അഭിമുഖത്തിന് എത്തണം.

വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1091/2023)

## റിസർച്ച് അസോസിയേറ്റ്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ റൂസ പദ്ധതിപ്രകാരമുള്ള ഗവേഷണ പ്രോജക്ടിൽ റിസർച്ച് അസോസിയേറ്റ് തസ്തികയിലെ ഒരൊഴിവിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷമാണ് പ്രോജക്ടിന്റെ ദൈർഘ്യം.

പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 50000 രൂപ.

ബയോടെക്നോളജിയിൽ അല്ലെങ്കിൽ ബയോ ഇൻഫർമാറ്റിക്സിൽ പി.എച്ച്.ഡിയും രാജ്യാന്തര ജേണലുകളിൽ പബ്ലിക്കേഷനുകളുമുള്ളവരെയാണ് പരിഗണിക്കുന്നത്. നെറ്റ്, ഗേറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യതയോടെ പോസ്റ്റ് ഡോക്ടറൽ പ്രവൃത്തിപരിചയം, ദേശീയ-രാജ്യാന്തര പുരസ്കാരങ്ങൾ, ഗവേഷണ പരിചയം എന്നിവ അഭികാമ്യം.

പൂർണമായ സി.വിയും അനുബന്ധ രേഖകളും ഒറ്റ പി.ഡി.എഫ് ഫയലായി 2622@mgu.ac.in എന്ന വിലാസത്തിലേക്ക് സെപ്റ്റംബർ 15 വരെ അയക്കാം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1092/2023)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസസിൽ എം.എസ്.സി ബയോടെക്നോളജി, ബയോഫിസിക്സ് കോഴ്സുകളിൽ പട്ടികജാതി വിഭാഗത്തിൽ ഓരോ സീറ്റു വീതം ഒഴിവുണ്ട്. ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം നാളെ(സെപ്റ്റംബർ 13) രാവിലെ 11ന് സ്കൂൾ ഓഫീസിൽ ഹാജരാകണം.

(പി.ആർ.ഒ/39/1093/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ കഥകളി വേഷം, മോഹിനിയാട്ടം, ഭരതനാട്യം(2021 അഡ്മിഷൻ റഗുലർ - മെയ് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 18 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

..........................

നാലാം സെമസ്റ്റർ ബി.എസ്.സി സൈബർ ഫോറൻസിക്(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച് 2023) പരീക്ഷയുടെ

പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബറിൽ അതത് കോളജുകളിൽ നടക്കും. വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1094/2023)

## പരീക്ഷാ ഫലം

അഞ്ചാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി(2020 അഡ്മിഷൻ റഗുലർ, 2018-2019 അഡ്മിഷനുകൾ സപ്ലിമെൻററി), അഞ്ചാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി(2017 അഡ്മിഷൻ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ് - മാർച്ച് 2023)പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ 26 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

..................

സ്കൂൾ ഓഫ് മാനേജ്മെൻറ് ആൻറ് ബിസിനസ് സ്റ്റഡീസ് ഈ വർഷം ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി - ഫാക്കൽറ്റി ഓഫ് മാനേജ്മെൻറ് സ്റ്റഡീസ്, ക്രെഡിറ്റ് ആൻറ് സെമസ്റ്റർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ 26 വരെ വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/1095/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**